

# കോളകമ്പനി നഷ്ടപരിഹാരം നൽകണം: കണ്ണദാസൻ

ചിറ്റൂർ എസ്. ദാസ്



**പ്ലാച്ചിമടയിലെ** ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം മുട്ടിക്കുകയും ഇപ്രദേശങ്ങളിലെ ശുദ്ധജലസ്രോതസ്സുകൾ മലിനമാക്കിയ കൊക്കക്കോള ബിവറേജസ് കമ്പനി ഞങ്ങൾക്ക് നഷ്ടപരിഹാരം നൽകാതെ ഇവിടുന്ന് പോവാൻ സമ്മതിക്കില്ലെന്ന് പ്ലാച്ചിമട കോളവിരുദ്ധ സമരസമിതിയുടെ വർക്കിംഗ് കൺവീനറായ പ്ലാച്ചിമട കണ്ണദാസൻ പറഞ്ഞു.

ചില സ്വകാര്യ ഏജൻസികൾ നടത്തിയ പഠനങ്ങൾ കോളകമ്പനിക്കെതിരെയാണ്. എന്നാൽ ഭൂഗർഭജലവകുപ്പും, പൊല്യൂഷൻ കൺട്രോൾ ബോർഡുമൊക്കെ ഇവിടത്തെ വെള്ളത്തെക്കുറിച്ച് നടത്തിയ പഠനങ്ങൾ കമ്പനിക്കനുകൂലമായുമാണ്. ഈ വൈരുദ്ധ്യത്തെക്കുറിച്ച് ശരിയായ പഠനം നടത്തുവാൻ വേണ്ടി പൊതു പ്രവർത്തകരുൾപ്പെടുന്ന ഒരു വിദഗ്ധസമിതിയെ സർക്കാർ കഴിയുംവേഗം നിയമിക്കുകയും, കമ്പനിയുടെ പ്രവർത്തനംമൂലം ദുരിതം പേറുന്നവർക്കെല്ലാം നഷ്ടപരിഹാരം നൽകാൻ കമ്പനി തയ്യാറാവണം. ഇതിനുവേണ്ടി പരിസ്ഥിതി ആഡിംഗ് നടത്തണമെന്നും കണ്ണദാസൻ പറഞ്ഞു.

***? പ്ലാച്ചിമടയിലെ കോളകമ്പനിയിൽനിന്ന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് നിയമ നടപടികൾ സ്വീകരിക്കുമോ?***

പ്ലാച്ചിമടയിലെ ജനങ്ങൾ അന്നന്ന് കൂലിപണിയെടുത്ത് ജീവിക്കുന്നവരാണ്. കേസുകൾക്ക് പോവണമെങ്കിൽ വലിയൊരു തുക വേണ്ടിവരും. പ്ലാച്ചിമടക്കാരെ സംബന്ധിച്ച് വലിയൊരു സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയില്ല. ചില നല്ല മനസുകൾ നൽകുന്ന സഹായത്തിലാണ് സമരഭടന്മാർ കഞ്ഞി കുടിക്കുന്നത്. മൂന്ന് വർഷത്തോളമായി ഇവിടെ കോള വിരുദ്ധ സമരം തുടങ്ങിയിട്ട്. ഇതിനാൽ സമരത്തിൽ പങ്കെടുക്കുന്നവർക്ക് പണിക്ക് പോവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. തമിഴ്നാട്ടിലും, തൃശൂർ മേഖലയിലുമൊക്കെയാണ് പണികൾ കിട്ടുന്നത്. അവിടെ പോയാൽ മാസങ്ങളോളം കഴിയാതെ പ്ലാച്ചിമടയിലേക്ക് തിരിച്ചുവരാൻ കഴിയില്ല. അതുകൊണ്ട് സമരത്തിൽ സജീവമായി നിൽക്കുന്നവർക്ക് പണിക്ക് പോവാൻ കഴിയില്ല. ഈ സാഹചര്യത്തിൽ കേസിനുവേണ്ടി ലക്ഷങ്ങൾ മുടക്കാനുള്ള കഴിവില്ല.

സമരസമിതിയുമായി ബന്ധപ്പെട്ട് ഒരു നിയമസഹായ സമിതിയുണ്ട്. അവരുമായി ബന്ധപ്പെട്ട് കേസിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോവാനാണ് ഉദ്ദേശിക്കുന്നത്. ഈ സമരത്തെ സഹായിക്കുന്ന ഒത്തിരിപേർ കേസിന് പോവുന്ന കാര്യത്തിനായി സഹായിക്കുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ.

***? പ്ലാച്ചിമട സമരം ലോകപ്രശസ്തമായതോടെ ഇതിനെക്കുറിച്ച് പഠിക്കാൻ ധാരാളം വിദേശികൾ എത്തുന്നുണ്ടല്ലോ? അവർ സമിതിയെ സഹായിക്കാറില്ലേ ?***

ഇതുവരെ പഠിക്കാൻ വന്നവരൊന്നും സഹായിച്ചിട്ടില്ല. പ്ലാച്ചിമടക്കാരുടെ വിശപ്പ് അറിയുന്നവർ വളരെ കുറച്ചു പേർ മാത്രമാണ്.

***? സമരത്തിന്റെ തുടക്കത്തിൽ ഒരുപാട് സന്നദ്ധസംഘടനകൾ പ്ലാച്ചിമടയിൽ സമരത്തെ സഹായിക്കാനെത്തിയിരുന്നല്ലോ ? അവരൊക്കെ ഇപ്പോഴും സഹായിക്കാനെത്തുന്നുണ്ടോ ?***

പ്ലാച്ചിമടയിലെ ആഗോളകുത്തക കമ്പനിക്കെതിരെയുള്ള സമരമാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. പ്ലാച്ചിമട ഇനി ആവർത്തിക്കാൻ പാടില്ല. അതിനായി എല്ലാ വിഭാഗങ്ങളും അന്നും, ഇന്നും സഹായങ്ങൾ നൽകുന്നുണ്ട്. അഭിപ്രായ സ്വാതന്ത്ര്യമുള്ള നാട്ടിൽ ആർക്ക് ആരേയും വിമർശിക്കാനാവും. ഇത്തരം സമരങ്ങൾ നടക്കുമ്പോൾ വിമർശനങ്ങളുണ്ടാവും. അത് ഇവിടെയും ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാവരും സമരത്തിന് സജീവ പിൻതുണ നൽകുന്നുണ്ട്.

***? പ്ലാച്ചിമടയിലെ ജനങ്ങൾക്ക് നഷ്ടപ്പെട്ടത് നേടാനാവുമെന്ന പ്രതീക്ഷയുണ്ടോ ?***

ഞങ്ങടെ കുടിവെള്ളമാണ് നഷ്ടപ്പെട്ടത്. ചില സ്വകാര്യ പഠനങ്ങളിൽ വെള്ളം പഴയ നിലയിലാവാൻ പ്രയാസമാണെന്ന് വ്യക്തമാക്കി കഴിഞ്ഞു. ഞങ്ങളുടെ അടുത്ത തലമുറയ്ക്കുകൂടി ജീവിക്കാനാവശ്യമായ ശുദ്ധജലം. പ്രകൃതിയുടെ വരദാനം അത് ലഭിക്കണം. അതിനുവേണ്ടിയാണ് ഞങ്ങൾ അതിജീവനസമരം നടത്തി വരുന്നത്.

## പ്ലാച്ചിമട പഠനസമിതി താങ്കളെ തേടുന്നു

പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമര സമിതുയേടുയം ഐക്യദാർഢ്യ സമിതിയുടേയും സംയുക്ത സംരംഭമായ പഠനസമിതി പ്ലാച്ചിമട സമരം വിജയിപ്പിക്കുന്നതിനാവശ്യമായ പഠനങ്ങൾ ലക്ഷ്യമിടുന്നു. ഇതിന്നായി ശ്രമങ്ങൾ തുടങ്ങി. കൃഷി നഷ്ടം, തൊഴിൽ നഷ്ടം, ആരോഗ്യപ്രശ്നങ്ങൾ, സാമൂഹ്യവ്യയം, രാഷ്ട്രീയ വിശകലനങ്ങൾ തുടങ്ങിയവ പഠനവിഷയങ്ങളിൽപ്പെടുന്നു. തൽപ്പരരായ വിദഗ്ദ്ധരിൽ നിന്നും സന്നദ്ധപ്രവർത്തകരിൽ നിന്നും പങ്കാളിത്ത സഹകരണം തേടുന്നു.

കൺവീനർ, C/o. പി.ബി. 100, തൃശൂർ-1.
ഫോൺ : 0487-2421385
e-mail : plachimadaforum@rediffmail.com